ഉത്തരം

(എ) 26.82 കോടി രൂപ.

(ബി) ശമ്പളത്തിൽ പ്രതിവർഷം 480 ലക്ഷം രൂപയുടെ കുറവുണ്ടായി. എന്നാൽ വി. ആർ. എസ്.-ന് വേണ്ടി കടമെടുത്ത തുകയുടെ പലിശയിനത്തിൽ പ്രതിവർഷം 353.60 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്. അതിനാൽ 126.40 ലക്ഷം രൂപയുടെ ലാഭമാണ് ഉണ്ടായിട്ടുള്ളത്.

(സി) പ്രതിവർഷം 353.60 ലക്ഷം രൂപ.

കെൽട്രോണിൽ നിന്നും വി. ആർ. എസ്. വഴി പിരിഞ്ഞവർ

25 [5581] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരാണ് വി. ആർ. എസ്. ഓപ്റ്റ് ചെയ്ത് ജോലിയിൽ നിന്നും പിരിഞ്ഞത്; വിശദാംശം നൽകുമോ;

(ബി) ഇവർക്കു നിശ്ചയിച്ചിരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ; കാലതാമസം നേരിടുന്നതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇവ ഓരോന്നിലും എന്തു നടപടി സ്വീകരിച്ചു;

(സി) വി. ആർ. എസ്. ഓപ്റ്റു ചെയ്ത് പിരിഞ്ഞുപോയവർക്ക് ഇനിയും കുടിശ്ശിക ഇനത്തിൽ നൽകേണ്ട ആകെ തുക എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇത് എന്നത്തേക്ക് നൽകാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡിൽ വി. ആർ. എസ്.ഓപ്റ്റു ചെയ്തു പിരിഞ്ഞു പോയവരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

കെ. എസ്. ഇ. ഡി. സി.—വി. ആർ. എസ്. 2000 പദ്ധതി

എക്സിക്യൂട്ടീവ്സ്	..	192
സൂപ്പർവൈസേഴ്സ്	..	11
വർക്ക്മെൻ	..	377
കാഷ്വൽ/ടെമ്പററി ജീവനക്കാർ	..	42
ആകെ	..	622

LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ഇ. ഡി. സി.—വി. ആർ. എസ്. 2002 പദ്ധതി

വർക്ക്മെൻ	..	61
കാഷ്വൽ/ടെമ്പററി ജീവനക്കാർ	..	16
ആകെ	..	77

(ബി) ഉണ്ട്. വ്യക്തിഗത പരാതി ഒന്നും ലഭിച്ചിട്ടില്ല. 90 ദിവസത്തെ കാലാവധിക്കുള്ളിൽ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്തതിനാൽ അതു കഴിഞ്ഞുള്ള ദിവസങ്ങൾക്ക് നിലവിലുണ്ടായിരുന്ന ബാങ്ക് റേറ്റിൽ (10.5%) പലിശ നൽകുകയുണ്ടായി.

(സി, ഡി) ബി വിഭാഗത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

'ടെൽക്കിൽ' സംസ്ഥാന സർക്കാരിനുള്ള ഓഹരി

26 [5582] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ടെൽക്കിൽ' സംസ്ഥാന സർക്കാരിനുള്ള ഓഹരി എത്രയാണ്;

(ബി) ഓഹരികൾ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ചെയർമാനും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ഇത് സംബന്ധമായി സർക്കാരിന്റെ മുമ്പാകെ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവർ സർക്കാരിന് നൽകിയ കത്തിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 82.45 ശതമാനമാണ് ടെൽക്കിൽ സംസ്ഥാന സർക്കാരിനുള്ള ഓഹരി.

(ബി) സർക്കാരിന്റെ ടെൽക്കിലുള്ള 26%-49% വരെ ഷെയറുകൾ സ്വകാര്യ നിക്ഷേപകന് കൈമാറാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിർദ്ദേശത്തിന്റെയും കത്തിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly